കോഴ്സുകളുടെ അംഗീകാരം നഷ്ടപ്പെട്ടതിനെതിരെ നടപടി

52 (1778) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം മഹാത്മാഗാന്ധി, കേരള, കാലിക്കറ്റ് സർവ്വകലാശാലകൾ നേരിട്ടും അംഗികാരത്തോടുകൂടിയും നടത്തുന്നതുമായ ബി.എസ്.സി.എം.എൽ.റ്റി. കോഴ്സുകൾക്ക് അംഗീകാരം നഷ്ടപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതുമൂലം കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിക്കാതെ കഴിഞ്ഞകാലങ്ങളിൽ ഈ കോഴ്സ് പാസ്സായ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ആയതിന് പരിഹാരത്തിനായി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ.ഉ.(സാ.) നമ്പർ 4937/10/ആ.കു.വ. തീയതി 17-12-2010 പ്രകാരം കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ കീഴിൽ ബി.എസ്.സി. എം.എൽ.റ്റി. പാസ്സായ വിദ്യാർത്ഥികൾക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാൻ അനുമതിയായിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടർ നിയമനത്തിന് പരിഗണിക്കുന്ന മാനദണ്ഡം

53 (1779) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമനത്തിന് പരിഗണിക്കുന്ന മാനദണ്ഡം എന്താണ് ;

(ബി) ഈ സർക്കാർ ഈ മാനദണ്ഡങ്ങൾ പാലിച്ചാണോ ഡി.എച്ച്.എസ്. നിയമനങ്ങൾ നടത്തിയിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സീനിയോറിറ്റി മറികടന്നാണോ ഡോ. കുട്ടമണി, ഡോ. ജീവൻ എന്നീ ഡയറക്ടർമാരെ മുമ്പ് നിയമിച്ചത് ; വിശദമാക്കുമോ ;

(ഡി) ഇപ്പോഴത്തെ ഡി.എച്ച്.എസ്. ആരാണ് ; ഇവർ സർവ്വീസിൽ നിന്ന് എന്ന് വിരമിക്കും ;

(ഇ) ഇതിനുശേഷം സീനിയോറിറ്റി പ്രകാരം ആരെയാണ് ഡി.എച്ച്.എസ്. ആയി പരിഗണിച്ചത് ;

(എഫ്) നിലവിലുള്ള മന്ത്രിസഭയിലെ ഒരംഗത്തിന്റെ ഭാര്യ ഡോ. ജമീലയെ സീനിയോറിറ്റി മറികടന്ന് ഡി.എച്ച്.എസ്. ആക്കാനുള്ള ശ്രമം നടക്കുന്നതായി വിവിധ മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) സീനിയോറിറ്റി മാനദണ്ഡമായെടുത്ത് ഡി.എച്ച്.എസ്.-നെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17-2-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 69/10/ആ.കു.വ. പ്രകാരം ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർമാരിൽനിന്നും സെലക്ഷൻവഴി നേരിട്ടുള്ള നിയമനമാണ് മാനദണ്ഡം.

(ബി) അതെ. ഡോ. ടി. കെ. കുട്ടമണി, ഡോ. എം. കെ. ജീവൻ എന്നിവരെ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

(സി) അതെ. നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാം സ്ഥാനക്കാരിയായ ഡോ. ഷൈലജക്കെതിരെ 8/04/എസ്.ഐ.യു. പൂജപ്പുര എന്ന വിജിലൻസ് കേസ് നിലവിലുണ്ടായിരുന്നതുകൊണ്ടും ടി കേസിൽ ടിയാളെ 17-10-2009-ലെ സർക്കാർ ഉത്തരവ് നമ്പർ 42/09/വിജി. പ്രകാരം പ്രോസിക്യൂട്ട്ചെയ്യാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിലുമാണ് സീനിയോറിറ്റി മാറികടന്ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിയമനം നടത്തിയത്.

(ഡി) അഡീഷണൽ ഡയറക്ടറായിരുന്ന് ഡോ. കെ. ടി. രമണിയാണ് ഇപ്പോഴത്തെ ആരോഗ്യവകുപ്പ് ഡയറക്ടർ. 31-3-2011-ൽ ടിയാൾ സർവ്വീസിൽനിന്നും വിരമിക്കും.

(ഇ) തീരുമാനം എടുത്തിട്ടില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ പോസ്റ്റ് ഒരു സെലക്ഷൻ പോസ്റ്റാണ്. സീനിയോറിറ്റി മാനദണ്ഡമായെടുക്കാൻ നിലവിലുള്ള നിയമമനുസരിച്ച് സാധിക്കുകയില്ല.

കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

54 (1780) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ബധിരമൂകരായ കുട്ടികളുടെ കേൾവി-സംസാരശേഷി ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയ്ക്കായി അനുവദിച്ച വായ്പ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി പരിവർത്തനം നടത്തി നൽകുന്നതിനുള്ള വിശദമായ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടുണ്ടോ ;

(ബി) നിശ്ചിത വരുമാനക്കാരായ സർക്കാർ ജീവനക്കാരെ സഹായിക്കുന്നതിന് ആവശ്യമായ ഒരു മെഡിക്കൽ റിപ്പോർട്ട് നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിച്ച് മെഡിക്കൽ റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി&സി) വിശദമായ പഠനംനടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly